## വെണ്മണി

ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂർ ബ്ളോക്ക് പിരിധിയിൽ വരുന്ന ഒരു പഞ്ചായത്താണ് വെൺമണി ഗ്രാമപഞ്ചായത്ത്. ആലപ്പുഴ ജില്ലയുടെ തെക്കുകിഴക്കു ഭാഗത്ത് ചെങ്ങന്നൂർ, മാവേലിക്കര താലൂക്കുകളെ വേർതിരിക്കുന്ന അച്ചൻകോവിലാറിന്റെ തീരത്ത് സ്ഥിതിചെയ്യുന്ന അഴകാർന്ന ഗ്രാമമാണ് വെണ്മണി. പ്രകൃതിഭംഗി കവിഞ്ഞൊഴുകുന്ന ഈ പ്രദേശം ഫലഭൂയിഷ്ഠമായ മണ്ണുകൊണ്ട് അനുഗ്രഹീതമാണ്. കേരളത്തിലെ ആദികാല ജനപഥങ്ങളിൽ ഏറ്റവും പ്രാചീനമായ ജനവാസകേന്ദ്രങ്ങളിൽ ഒന്നായിരുന്നു വെണ്മണി. 15 വാർഡുകൾ ഉള്ള പഞ്ചായത്തിന്റെ ആസ്ഥാനം കല്യാത്ര ജംഗ്ഷൻആണ്. 8.01 ച.കി.മീ വിസ്തൃതിയുള്ള ഈ പഞ്ചായത്തിന്റെ കിഴക്ക്, പത്തനംതിട്ട ജില്ലയിലെ കോഴഞ്ചേരി താലൂക്കിൽപെട്ട കുളനട പഞ്ചായത്തും വടക്ക് ആലപ്പുഴ ജില്ലയിലെ മുളക്കുഴ പഞ്ചായത്തും വടക്കു പടിഞ്ഞാറ് ആലാ പഞ്ചായത്തും നേരെ പടിഞ്ഞാറ് ചെറിയനാട് പഞ്ചായത്തും അതിർത്തി കുറിക്കുന്നു. കാർഷികവൃത്തിയിലൂടെ ഉപജീവനം നടത്തിയിരുന്ന ഈ ഗ്രാമവാസികൾ അദ്ധ്വാനശീലരും സംസ്കാര സമ്പന്നരുമായിരുന്നു. പഞ്ചായത്തിന്റെ പൂർവ്വ രൂപമായിരുന്ന വില്ലേജ് യൂണിയൻ വെണ്മണിയിൽ നിലവിൽ വന്നത് 1949 ഏപ്രിൽ മാസത്തിലാണ്. അന്നു കൊല്ലം ജില്ലയിലെ തിരുവല്ലാ താലൂക്കിൽപ്പെട്ട പ്രദേശമായിരുന്നു വെണ്മണി. ഒരു രൂപാ കരം തീരുവയുള്ളവർക്കു മാത്രം വോട്ടവകാശം ഉണ്ടായിരുന്ന കാലം തിരുവല്ല തഹസീൽദാർ വെണ്മണിയിൽ വിളിച്ചു കൂട്ടിയ ഒരു പൌരയോഗത്തിൽ വച്ച് ആദ്യത്തെ വില്ലേജ് യൂണിയൻ അംഗങ്ങൾ തെരഞ്ഞെടുക്കപ്പെട്ടു. 1953-ൽ ആദ്യത്തെ പഞ്ചായത്ത് തെരഞ്ഞെടുപ്പു നടന്നു. പ്രതിഭാധനരായ പല മഹത് വ്യക്തികളേയും സാഹിത്യ-സാംസ്കാരിക മണ്ഡലത്തിന് സംഭാവന ചെയ്യാൻ നാടിനു കഴിഞ്ഞിട്ടുണ്ട്. വിക്ടർ ഹ്യൂഗോയുടെ പ്രസിദ്ധമായ 'ദി ഹഞ്ച് ബാക്ക് ഓഫ് നോത്രദാം' എന്ന കൃതി 'നോത്രദാമിലെ കൂനൻ' എന്ന പേരിൽ മലയാളത്തിലേക്ക്

പരിഭാഷപ്പെടുത്തിയ വെണ്മണി ശങ്കരവാര്യർ കേരള സാഹിത്യ ചരിത്രത്തിൽ സ്ഥാനം പിടിച്ചിട്ടുണ്ട്.

## ചരിത്രം

### സാമൂഹിക സാംസ്കാരിക ചരിത്രം

ആലപ്പുഴ ജില്ലയുടെ തെക്കുകിഴക്ക ഭാഗത്ത് ചെങ്ങന്നൂർ, മാവേലിക്കര താലൂക്കുകളെ വേർതിരിക്കുന്ന അച്ചൻകോവിലാറിന്റെ ആന്ദോളനമേറ്റു കിടക്കുന്ന അഴകാർന്ന ഗ്രാമമാണ് വെണ്മണി. പ്രകൃതിഭംഗി കവിഞ്ഞൊഴുകുന്ന ഈ പ്രദേശം ഫലഭൂയിഷ്ഠമായ മണ്ണുകൊണ്ട് അനുഗ്രഹീതമാണ്. കേരളത്തിലെ ആദികാല ജനപഥങ്ങളിൽ ഏറ്റവും പ്രാചീനമായ ജനവാസകേന്ദ്രങ്ങളിൽ ഒന്നായിരുന്നു വെണ്മണി. ഇരുനൂറ്റിഅൻപതു വർഷങ്ങൾക്കു മുമ്പ് തിരുവിതാംകൂർ (വേണാട്) മഹാരാജാവ് മാർത്താണ്ഡവർമ്മ കായംകുളം രാജാവിനെ യുദ്ധത്തിൽ തോല്പിച്ചു. അക്കാലത്ത് മാർത്താണ്ഡവർമ്മയുടെ അപ്രീതിക്കു പാത്രമായ ബുധനൂർ പ്രദേശത്തെ പ്രമാണിമാരെ ഒരു പാഠം പഠിപ്പിക്കുക എന്ന ഉദ്ദ്യോശത്തോടെ വെണ്മണി, ബുധനൂർ, പാണ്ടനാട്ടു വഴി ഒഴുകികൊണ്ടിരുന്ന അച്ചൻകോവിലാർ, ശാർങ്ങരക്കാവു ക്ഷേത്രത്തിനു തൊട്ടു പടിഞ്ഞാറു വച്ച് ഗതിമാറ്റി ഒഴുക്കാൻ തീരുമാനിച്ചു. അങ്ങിനെയാണ് പുത്താറ്റിൻകര നിന്നും പുതിയ മാർഗ്ഗത്തിലൂടെ വെട്ടിയ ആറ് വെട്ടിയാർ പ്രദേശത്തും കൊല്ലകടവ് പ്രദേശത്തും കൂടി ഒഴുകിത്തുടങ്ങിയത്. കൊല്ലകടവു ഭാഗത്തെ മലപിളർന്നുള്ള അതിന്റെ ഗതി ഇടുങ്ങിയ മാർഗ്ഗത്തിലൂടെ ആയതിനാൽ വെണ്മണി, പുന്തല പ്രദേശങ്ങൾ നിരന്തരമായി വെള്ളപ്പൊക്കക്കെടുതികൾക്ക് ഇരയായിത്തീർന്നു. തന്മൂലം അന്നുവരെ നിലനിന്നിരുന്ന കൃഷിരീതി ആകെ മാറിമറിഞ്ഞു. കഴിഞ്ഞ നൂറ്റാണ്ടുകളിൽ വെണ്മണി നിവാസികളിൽ 90 ശതമാനവും കൃഷിയെ ആശ്രയിച്ചു കഴിഞ്ഞു പോന്നവരായിരുന്നു. 4300 ഏക്കറോളം വരുന്ന ഭൂമിയിൽ അതാതിടത്തിനു പറ്റിയ കൃഷി ചെയ്തുപോന്നു. കാർഷികവൃത്തിയിലൂടെ ഉപജീവനം നടത്തിയിരുന്ന ഈ ഗ്രാമവാസികൾ അദ്ധ്വാനശീലരും

സംസ്കാര സമ്പന്നരുമായിരുന്നു. വിദ്യാഭ്യാസരംഗത്ത് അസൂയാവഹമായ മുന്നേറ്റമാണ് ഈ പ്രദേശത്തുണ്ടായത്. ഒരു നൂറ്റാണ്ടു പഴക്കമുള്ള കല്യാത്ര ജെ ബി സ്കൂളും (അന്നത്തെ മലയാളം പള്ളിക്കൂടം), വെണ്മണി മാർത്തോമാ യു പി സ്കൂളും, മാവേലിക്കര ബിഷപ്പ് ഹോഡ്ജസ് ഹൈസ്കൂളും പന്തളം എൻ എസ്സ് എസ്സ് കോളേജും വെണ്മണിയുടെ വിദ്യാഭ്യാസ പുരോഗതിയിൽ ആദ്യഘട്ടത്തിൽ നിർണ്ണായകമായ പങ്കുവഹിച്ച സ്ഥാപനങ്ങളാണ്. സ്റ്റേറ്റ് കോൺഗ്രസ്സിന്റെ പ്രവർത്തകരായി അന്നു വില്ലേജിൽ അറിയപ്പെട്ടിരുന്നത് വെട്ടത്തു ജി.വേലുപ്പിള്ള, ഇടശ്ശേരേത്തു കൃഷ്ണപിള്ള, കാട്ടുവടക്കേതിൽ സി ഒ ജോർജ്ജ്, കൊച്ചമ്പോലിൽ എം കെ രാഘവപ്പണിക്കർ, കള്ളോട്ടു മാധവക്കുറുപ്പ്, കോഴശ്ശേരിൽ ഗോപാലപിള്ള തുടങ്ങിയ ചുരുക്കം ചിലർ മാത്രമായിരുന്നു. പഞ്ചായത്തിന്റെ പൂർവ്വ രൂപമായിരുന്ന വില്ലേജ് യൂണിയൻ വെണ്മണിയിൽ നിലവിൽ വന്നത് 1949 ഏപ്രിൽ മാസത്തിലാണ്. അന്നു കൊല്ലം ജില്ലയിലെ തിരുവല്ലാ താലൂക്കിൽപ്പെട്ട പ്രദേശമായിരുന്നു വെണ്മണി. ഒരു രൂപാ കരം തീരുവയുള്ളവർക്കു മാത്രം വോട്ടവകാശം ഉണ്ടായിരുന്ന കാലം തിരുവല്ല തഹസീൽദാർ വെണ്മണിയിൽ വിളിച്ചു കൂട്ടിയ ഒരു പൌരയോഗത്തിൽ വച്ച് ആദ്യത്തെ വില്ലേജ് യൂണിയൻ അംഗങ്ങൾ തെരഞ്ഞെടുക്കപ്പെട്ടു. 1953-ൽ ആദ്യത്തെ പഞ്ചായത്ത് തെരഞ്ഞെടുപ്പു നടന്നു. കല്ലമൺ മഠത്തിൽ ദേവർ ശ്രീധർ പ്രസിഡന്റും പി ജി അച്ചുതൻ പിള്ള വൈസ് പ്രസിഡന്റുമായുള്ള ഭരണസമിതിയിൽ പാതാനി ഇല്ലത്തു പരമേശ്വരൻ നമ്പൂതിരി, ചക്രത്തറ കേശവപിള്ള, തേക്കിൽ കെ ചാക്കോ, കോഴശ്ശേരിൽ ഗോപാലപിള്ള, കള്ളോട്ടു മാധവക്കുറുപ്പ്, തുണ്ടിൽ കണ്ടൻ കാളി, ചക്രപ്പുര കുഞ്ഞുപിള്ള, (അന്ന് കൊഴുവല്ലൂർ വെണ്മണി പഞ്ചായത്തിന്റെ ഭാഗമായിരുന്നു) എന്നിവർ അംഗങ്ങളുമായിരുന്നു. ജന്മിത്തത്തിനെതിരെയുള്ള പോരാട്ടം കേരളമാകെ ശക്തി പ്രാപിച്ചിരുന്ന അൻപതുകളിൽ വെണ്മണിയിലും അതിന്റെ അലയടികളും

പ്രതിരോധങ്ങളും ഉണ്ടായിട്ടുണ്ട്. 1952-ൽ കല്ലമൺ മഠം വക ഭൂമിയിലെ മേലടി (കാവൽ) പ്രശ്നവുമായി ബന്ധപ്പെട്ട തൊഴിലാളി സമരം പ്രത്യേകം പരാമർശമർഹിക്കുന്നു. ക്ഷേത്രങ്ങളുടെ കൂട്ടത്തിൽ പ്രഥമസ്ഥാനം അർഹിക്കുന്നത് ശാർങ്ങക്കാവ് ദേവീക്ഷേത്രമാണ്. നൂറ്റാണ്ടുകൾ പഴക്കമുള്ളതാണ് ഈ ക്ഷേത്രം. വനനിബിഡമായ ഈ പ്രദേശത്ത് ശാർങ്ങമഹർഷി എന്നൊരു താപസവര്യൻ തപസ്സിരുന്നതായും ഒരു വിഗ്രഹം പ്രതിഷ്ഠിച്ച് ആരാധിച്ചിരുന്നതായുമാണ് ഐതീഹ്യം. ശാർങ്ങമഹർഷി തപസ്സിരുന്നു എന്ന് വിശ്വസിച്ചിരുന്ന കാവ് പിൽക്കാലത്ത് ശാർങ്ങക്കാവ് എന്ന പേരിൽ അറിയപ്പെട്ടു. കുതിരവട്ടം ശ്രീ ധർമ്മശാസ്താ ക്ഷേത്രം ചരിത്രമുറങ്ങുന്ന മറ്റൊരു പ്രശസ്ത ദേവാലയമാണ്. ടിപ്പുവിന്റെ പടയോട്ടക്കാലത്ത് കുതിരപ്പട്ടാളം ഇവിടെ വന്നിരുന്നു എന്നും ധർമ്മശാസ്താവിന്റെ ശക്തികൊണ്ട് കുതിരകളെല്ലാം 'പെട്ടു' പോയെന്നും 'കുതിരപെട്ട സ്ഥലം' കാലക്രമത്തിൽ കുതിരവട്ടമായെന്നും ഐതീഹ്യം. ഇവിടത്തെ 'ഇലന്തയും പടയും' എന്നറിയപ്പെടുന്ന പടയണി ഉത്സവം അടുത്ത ഗ്രാമപ്രദേശങ്ങളിലൊന്നും ഇല്ലാത്ത ഒരു വിശേഷാൽ പരിപാടിയാണ്. വെണ്മണിയിലെ ക്രൈസ്തവ ദേവാലയങ്ങളിൽ ഏറ്റവും പുരാതനമായത് കല്യാത്രയ്ക്കു തെക്കുള്ള പഴയ പള്ളിയാണ്. പുത്തൻപള്ളി എന്നറിയപ്പെടുന്ന വെണ്മണി സെഹിയോൻ മാർത്തോമാപള്ളി 1079 ധനുമാസം 23-ാം തീയതി വ്യാഴാഴ്ച ക്രിസ്തുമസ് ദിനത്തിൽ സ്ഥാപിതമായി. കക്കടയിലും വെണ്മണിത്താഴത്തും സ്ഥിതിചെയ്യുന്ന രണ്ടു മുസ്ളീം ദേവാലയങ്ങൾ വളരെ പഴക്കമുള്ള രണ്ട് ആരാധനാലയങ്ങളാണ്. 150 വർഷത്തോളം പഴക്കമുള്ള വെണ്മണി മുസ്ലീം ജമാ-അത്ത് പള്ളി വെണ്മണിത്താഴത്ത് സ്ഥിതി ചെയ്യുന്നു. ഹിന്ദു ക്രിസ്ത്യൻ മുസ്ലീം സമുദായങ്ങൾ സൌഹാർദ്ദത്തോടെ ജീവിതം നയിച്ചു വരുന്നു. പ്രതിഭാധനരായ പല മഹത് വ്യക്തികളേയും സാഹിത്യ-സാംസ്കാരിക മണ്ഡലത്തിന് സംഭാവന ചെയ്യാൻ നാടിനു കഴിഞ്ഞിട്ടുണ്ട്. വിക്ടർ ഹ്യൂഗോയുടെ

പ്രസിദ്ധമായ ‘ദി ഹഞ്ച് ബാക്ക് ഓഫ് നോത്രദാം’ എന്ന കൃതി ‘നോത്രദാമിലെ കുനൻ’ എന്ന പേരിൽ മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തിയ വെണ്മണി ശങ്കരവാര്യർ കേരള സാഹിത്യ ചരിത്രത്തിൽ സ്ഥാനം പിടിച്ചിട്ടുണ്ട്.

## പൊതുവിവരങ്ങൾ

| | | |
|---|---|---|
| ജില്ല | : | ആലപ്പുഴ |
| ബ്ളോക്ക് | : | ചെങ്ങന്നൂർ |
| വിസ്തീർണ്ണം | : | 18.01 |
| വാർഡുകളുടെ എണ്ണം | : | 15 |
| ജനസംഖ്യ | : | 20326 |
| പുരുഷൻമാർ | : | 9662 |
| സ്ത്രീകൾ | : | 10664 |
| ജനസാന്ദ്രത | : | 1129 |
| സ്ത്രീ : പുരുഷ അനുപാതം | : | 1104 |
| മൊത്തം സാക്ഷരത | : | 94 |
| സാക്ഷരത (പുരുഷൻമാർ) | : | 96 |
| സാക്ഷരത (സ്ത്രീകൾ) | : | 92 |

Source : Census data 2001

## പഞ്ചായത്തിലൂടെ

ആലപ്പുഴ ജില്ലയിൽ ചെങ്ങന്നൂർ താലൂക്കിന്റെ തെക്കു കിഴക്കു ഭാഗത്തായി വെണ്മണി പഞ്ചായത്ത് സ്ഥിതി ചെയ്യുന്നത്. പശ്ചിമഘട്ടത്തിലെ അച്ചൻകോവിൽ മലകളിൽ നിന്നുത്ഭവിച്ച് ഉദ്ദേശം 90 കി.മീ. ഒഴുകി പമ്പയോട് ചേർന്ന് വേമ്പനാട്ടു കായലിൽ പതിക്കുന്ന അച്ചൻകോവിലാറ് ഏകദേശം 8 കി.മീ. നീളത്തിൽ വെണ്മണിയുടെ തെക്കേ അതിരിട്ടൊഴുകുന്നു. പഞ്ചായത്തിന്റെ മൊത്ത വിസ്തീർണ്ണം 1803 ഹെക്ടർ, 92 ആർ, 45 ച: മീ. (വില്ലേജ് ആഫീസിലെ കണക്ക്) ആണ്. ഒന്നാം വാർഡിൽപ്പെടുന്ന ആമക്കുന്നു മോടിയും പത്താം വാർഡിൽപ്പെടുന്ന കുതിരവട്ടവുമാണ് വെണ്മണി പഞ്ചായത്തിലെ ഏറ്റവും ഉയർന്ന പ്രദേശങ്ങൾ. ചെങ്കൽ മണ്ണാണ് ഈ പ്രദേശത്തു കാണപ്പെടുന്നത്. ഏറ്റവും താഴ്ന്ന പ്രദേശം ഏഴാം വാർഡിലെ മുണ്ടോടി. തോടുകൾ, ചാലുകൾ, കുളങ്ങൾ, കുഴികൾ എന്നിങ്ങനെ 14 പ്രധാന ജലാംശങ്ങൾ ഈ പഞ്ചായത്തിലുണ്ട്. പരമ്പരാഗതമായി കാർഷികവൃത്തി ജീവിതോപാധിയായി സ്വീകരിച്ച ഒരു ഗ്രാമമാണ് വെണ്മണി. 4451 ഏക്കർ ഭൂവിസ്തൃതിയുള്ള ഈ പഞ്ചായത്ത് അച്ചൻകോവിലാറിന്റെ തീരത്തായി സ്ഥിതി ചെയ്യുന്നു. ഈ പ്രദേശത്തെ മുഖ്യകൃഷി നെല്ല്, മരച്ചീനി, കിഴങ്ങു വർഗ്ഗങ്ങൾ, നേന്ത്രവാഴ, കുടിവാഴ എന്നിവയാണ്. ഭൂരിഭാഗം ഉടമസ്ഥരും ഒരു ഹെക്ടറിൽ താഴെ മാത്രം ഭൂമി കൈവശമുള്ളവരാണ്. ആലപ്പുഴ ജില്ലയിലെ പഞ്ചായത്തുകളിൽ വച്ച് വിദ്യാഭ്യാസപരമായും സാംസ്കാരികമായും വളരെ മുൻപന്തിയിൽ നില്ക്കുന്ന ഒരു പ്രദേശമാണ് വെണ്മണി. വിദേശ പണത്തിന്റെ സ്വാധീനം ഈ പഞ്ചായത്തിന്റെ സാമ്പത്തികമേഖലയിലെ നിർണ്ണായകഘടകമാണ്. 1920 കാലഘട്ടത്തിലാണ് മാർത്തോമാസഭയുടെ നേതൃത്വത്തിൽ

വെണ്മണിയിൽ ആദ്യമായി ഒരു അപ്പർപ്രൈമറി സ്കൂൾ സ്ഥാപിതമാകുന്നത്. 1950-ലാണ് കല്യാത്രയുള്ള എം റ്റി യു പി എസ്സ് ഹൈസ്കൂളായി അപ്ഗ്രേഡ് ചെയ്യുന്നത്, അതിനുശേഷം 1968-69 ൽ ലോഹ്യാമെമ്മോറിയൽ അപ്പർ പ്രൈമറിസ്കൂൾ പ്രവർത്തനം ആരംഭിക്കുകയും 1971-72 ൽ അതൊരു ഹൈസ്കൂളായി ഉയർത്തപ്പെടുകയും ചെയ്തു. അതോടുകൂടി വെണ്മണി പഞ്ചായത്തിൽ 14 വിദ്യാലയങ്ങൾ നിലവിൽവന്നു.

## ഓൺലൈൻ സേവനങ്ങൾ

- ***ടെണ്ടറുകൾ***
- ***സർക്കാർ ഉത്തരവുകൾ***
- ***പദ്ധതി വിവരങ്ങൾ***
- ***പ്രൊവിഡന്റ്ഫണ്ട് വിവരങ്ങൾ***
- ***ജനന-മരണ-വിവാഹ സർട്ടിഫിക്കറ്റുകൾ ഓൺലൈനിലൂടെ***

## ഫ്രണ്ട് ഓഫീസ് സംവിധാനം

ഫ്രണ്ട് ഓഫീസ് സംവിധാനം വഴി ജനങ്ങൾക്ക് :-

- സേവനങ്ങൾ ലഭ്യമാകുന്ന തീയതി ഉറപ്പുനൽകുന്നു;
- സേവനങ്ങൾ സമയബന്ധിതമായി ലഭ്യമാക്കുന്നു;
- ഒരു സേവനത്തിന് അപേക്ഷ സമർപ്പിക്കുന്നതിനും അപാകത പരിഹരിക്കുന്നതിനുമായി ഒരുതവണ ഓഫീസിൽ വന്നാൽ മതിയെന്ന അവസ്ഥ ഉറപ്പുനൽകുന്നു;
- സേവനങ്ങൾ ലഭിക്കാൻ വേണ്ട മാനദണ്ഡങ്ങൾ ലഭ്യമാക്കുന്നു;
- സേവനങ്ങൾ എപ്പോഴെല്ലാം ലഭിക്കുമെന്ന വിവരംലഭ്യമാക്കുന്നു;
- സേവനങ്ങൾക്ക് ആരെ സമീപിക്കണമെന്നവിവരംലഭ്യമാക്കുന്നു;

- ഉദ്യോഗസ്ഥരിലൂടെയും ചെക്ക്ലിസ്റ്റ്, പൌരാവകാശരേഖ തുടങ്ങിയവ വഴി സംശയങ്ങൾ തീർക്കുന്നതിന് പ്രത്യേക സംവിധാനം ഉറപ്പുനൽകുന്നു;
- കഴിവതും പ്രിന്റ് ചെയ്ത അപേക്ഷകൾ ലഭ്യമാക്കുന്നു.

## വിവരാവകാശം

### അറിയാനുള്ള അവകാശം

തദ്ദേശഭരണ സ്ഥാപനത്തിൽ ഭരണപരമോ, വികസനപരമോ, നിയന്ത്രണപരമോ ആയ ചുമതലകൾ സംബന്ധിച്ച വിജ്ഞാനപ്രദരേഖകൾ ഒഴികെ ഏതൊരു വിവരവും വസ്തുതയും, രേഖകളോ പ്രമാണങ്ങളോ അറിയാനും പകർപ്പെടുക്കാനും പൌരന്മാർക്കുള്ള അവകാശം, കേരള പഞ്ചായത്ത് രാജ് നിയമം (1999) അദ്ധ്യായം 25 എ, വകുപ്പുകൾ 271 എ, ബി, സി എന്നീ വകുപ്പുകളും അനുബന്ധചട്ടങ്ങളും പ്രകാരം പൌരന് ഈ അവകാശം ലഭിക്കുന്നു.

### വിവരങ്ങൾ /രേഖകൾ ലഭിക്കുന്നതിന് ചെയ്യേണ്ടത്

വിവരങ്ങളോ രേഖകളോ ആവശ്യപ്പെടുന്ന അപേക്ഷ നിശ്ചിതഫോറത്തിൽ സെക്രട്ടറിക്ക് നൽകണം.കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങളിൽ അപേക്ഷ ബന്ധപ്പെട്ട സ്ഥാപനത്തിലെ തലവന് നൽകണം.അപേക്ഷയോടൊപ്പം 2 രൂപ നിരക്കിൽ അപേക്ഷാഫീസും ഒരുവർഷത്തിലേറെ പഴക്കമുള്ള രേഖ കൾക്ക് തെരച്ചിൽഫീസായി വർഷംപ്രതി രണ്ടുരൂപ വീതവും പകർപ്പ് ആവശ്യപ്പെടുന്നുവെങ്കിൽ ഏകദേശം 200 വാക്കിന് 2 രൂപ നിരക്കിലും ഫീസ് ഈടാക്കി രസീത് നൽകേണ്ടതാണ്.രേഖ പരിശോധനയ്ക്ക് ലഭിക്കുന്നതിനോ, പകർപ്പ് എടുത്തു ഒത്ത്നോക്കി സാക്ഷ്യപ്പെടുത്തി നൽകുന്നതിനോ ഉള്ള ദിവസവും രസീതിൽ രേഖപ്പെടുത്തണം.രഹസ്യാത്മകവിവരം എന്ന് വിജ്ഞാപനം ചെയ്യപ്പെട്ടതാണ് ആവശ്യപ്പെടുന്ന സംഗതിയെങ്കിൽ

സെക്രട്ടറിയ്ക്കോ, ഉദ്യോഗസ്ഥനോ ആ കാരണം രേഖാമൂലം പരാമർശിച്ച് അപേക്ഷ നിരസിക്കാം.

## വിവരങ്ങൾ നൽകുന്നതിന് കാലതാമസം വരുത്തിയാൽ

നിശ്ചിത ദിവസത്തിലേറെ കാലതാമസം വരുത്തിയാൽ വിവരം നൽകാൻ ചുമതലപ്പെട്ട വീഴ്ച വരുത്തിയ ഉദ്യോഗസ്ഥരിൽനിന്ന് ദിനംപ്രതി 50 രൂപ നിരക്കിൽ പിഴ തദ്ദേശഭരണ സ്ഥാപനത്തിന്റെ തനത് ഫീസിലേക്ക് ഈടാക്കാവുന്നതാണ്. മനപ്പൂർവ്വമായോ ഉപേക്ഷ മൂലമോ വിവരം നൽകാൻ പരാജയപ്പെട്ടുകയോ, തെറ്റായ വിവരം നൽകുകയോ ചെയ്താൽ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും 1000 രൂപയിൽകുറയാത്ത പിഴ ഈടാക്കാനും വ്യവസ്ഥയുണ്ട്.

## രേഖകൾ ലഭ്യമല്ലെങ്കിൽ

യുക്തമായ തെരച്ചിൽ നടത്തിയശേഷവും രേഖകൾകിട്ടാത്തതിനാലോ, രേഖയുടെ സംരക്ഷണ കാലാവധി കഴിഞ്ഞതിനാലോ, രേഖ നിലവിൽ ഇല്ലാത്തതിനാലോ സാധുവായ കാരണം ബോധ്യപ്പെടുത്തി അപേക്ഷ പ്രകാരം വിവരം ലഭ്യമാക്കാനാകില്ലെന്നറിയിച്ച് തീർപ്പ് നൽകണം. ഉത്തമ ബോധ്യത്തോടെ എടുക്കുന്ന ഇത്തരം തീരുമാനങ്ങൾക്ക് നിയമപരിരക്ഷ ലഭിക്കും. രേഖ ലഭ്യമാക്കുന്നില്ലെങ്കിൽ ഈടാക്കിയ ഫീസ് അപേക്ഷകന് തിരികെ നൽകണം.

## വികസന പദ്ധതികളുടെ വിവരങ്ങൾ

വികസന പദ്ധതിയുടെ നിർവ്വഹണം സംബന്ധിച്ച വിവരങ്ങൾ പദ്ധതി സ്ഥലത്ത് സുതാര്യമായും ലളിതമായും പരസ്യപ്പെടുത്തേണ്ടതുണ്ട്. സാങ്കേതികവും സാമ്പത്തികവുമായ വിവരങ്ങൾ ഭരണ നടപടികൾക്കൊപ്പം പ്രസിദ്ധീകരിക്കേണ്ടതുണ്ട്. സുതാര്യത സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ ഇതിൽ പാലിച്ചിരിക്കണം. ഗ്രാമസഭ തദ്ദേശസ്വയംഭരണസ്ഥാപനം, കൈമാറിയ സ്ഥാപനങ്ങൾ ഇവയുടെ ഭരണപരമായ വിവരങ്ങളും യോഗനടപടിക്രമങ്ങളും പൊതുജനപ്രാപ്യമായ വിധം പ്രസിദ്ധീകരിക്കേണ്ടതാണ്.

## ക്ഷേമ പ്രവർത്തനങ്ങൾ

ദേശീയ ഗ്രാമീണ ഉപജീവന മിഷൻ

സ്വയം തൊഴിലും മറ്റ് തൊഴിൽ പദ്ധതികളും പ്രോത്സാഹിപ്പിച്ച് ഗ്രാമങ്ങളിലെ ബി.പി.എൽ കുടുംബങ്ങൾക്ക് സ്ഥായിയായ വരുമാനം ഉറപ്പാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. സ്വാശ്രയ സംഘങ്ങളിലൂടെയാണ് ഇത് നടപ്പാക്കുക. സ്വർണ്ണ ജയന്തി ഗ്രാമ സ്വരോസ്ഗർ യോജന (എസ്.ജി.എസ്.വൈ) യെയാണ് കേന്ദ്ര ഗ്രാമവികസന മന്ത്രാലയം ഗ്രാമീണ ഉപജീവന മിഷനാക്കി (നാഷണൽ ലൈവലിഹഡ് മിഷൻ - എൻ .ആർ .എൽ .എം) മാറ്റുന്നത്.

ദേശീയ ഗ്രാമീണ തൊഴിൽ ഉറപ്പുനിയമം-2005

2008 ഫെബ്രുവരി 2 മുതൽ നടപ്പിലാക്കുന്നു.

*നിയമത്തിന്റെ പ്രാധാന്യം*

1 ഒരു കുടുംബത്തിന് 100 ദിവസം തൊഴിൽ നൽകുന്നു.

2. തൊഴിൽ നൽകാൻ കഴിഞ്ഞില്ലെങ്കിൽ തൊഴിലില്ലായ്മ വേതനം.

3. ഗ്രാമസഭ നിർമ്മാണപ്രവൃത്തി നിശ്ചയിക്കുന്നു.

4. തൊഴിൽ 1/3 ഭാഗം സ്ത്രീകൾക്ക് ഉറപ്പ് നൽകുന്നു.

5. പ്രവൃത്തികളിലും ജോലിക്കാരുടെ പട്ടികയിലും നിർമ്മാണജോലികളെ സംബന്ധിച്ചും സുതാര്യത ഉറപ്പു നൽകുന്നു.

6. ഗ്രാമപഞ്ചായത്ത് പദ്ധതി നടത്തിപ്പ് നിർവ്വഹിക്കുന്നു.

7. തൊഴിലാളികൾക്കു പരിരക്ഷ ഉറപ്പു നൽകുന്നു.

(a) അപകടങ്ങൾക്കു ചികിത്സ സൌജന്യമായി നൽകുന്നു.

(b) ചികിത്സാസമയത്ത് 50% വേതനം

(c) ജോലിസ്ഥലത്ത് മരണം സംഭവിച്ചാൽ കുടുംബത്തിന് നഷ്ടപരിഹാരം നൽകുന്നു.

(d) അംഗവൈകല്യമുണ്ടായാലും നഷ്ടപരിഹാരം നൽകുന്നു.

*തൊഴിലിനുള്ള യോഗ്യത*

1. പഞ്ചായത്തുപ്രദേശത്ത് താമസിക്കുന്നവരായിരിക്കണം.
2. തൊഴിലിനായി രജിസ്റ്റർ ചെയ്തിരിക്കണം.
3. തൊഴിൽ കാർഡ് ലഭിച്ചവരായിരിക്കണം.
4. തൊഴിൽ കാർഡിൽ പേരുണ്ടായിരിക്കണം.

*തൊഴിലിന്റെ പ്രത്യേകത*

1. താമസസ്ഥലത്തിന് 5 കി.മി. ചുറ്റളവിനുള്ളിൽ തൊഴിൽ നൽകുന്നു.
2. 5 കി.മി. പുറത്ത് വേതനത്തിന്റെ 10% അധികം നൽകുന്നു.
3. 14 ദിവസം തുടർച്ചയായി തൊഴിൽ നൽകുന്നു.
4. കരാറുകാരെ പൂർണ്ണമായി ഒഴിവാക്കുന്നു.
5. തൊഴിൽ ലഭ്യത കുറയ്ക്കുന്ന യന്ത്രങ്ങൾ ഒഴിവാക്കുന്നു.

*സ്ത്രീ തൊഴിലാളികൾക്കുള്ള പരിരക്ഷ*

സ്ത്രീകൾക്കും പുരുഷന്മാർക്കും തുല്യവേതനം; സ്ത്രീതൊഴിലാളികളുടെ കുട്ടികളെ നോക്കുന്നതിന് ഒരു സ്ത്രീയെ ചുമതലപ്പെടുത്തുന്നു; അവർക്കും വേതനം നൽകുന്നു.

*തൊഴിലില്ലായ്മാ വേതനം*

അപേക്ഷ ലഭിച്ച് 100 ദിവസം തൊഴിൽ നൽകാൻ കഴിഞ്ഞില്ലെങ്കിൽ തൊഴിലില്ലായ്മ വേതനം അനുവദിക്കുന്നു. ആദ്യത്തെ 30 ദിവസം വേതനത്തിന്റെ 25%, തുടർന്ന് 50%.

*ഏറ്റെടുക്കാവുന്ന പ്രവർത്തികൾ*

1. ജലസംരക്ഷണ/സംഭരണ പ്രവർത്തികൾ .
2. വരൾച്ചനിവാരണപ്രവൃത്തികൾ (മരം വെച്ചു പിടിപ്പിക്കൽ മുതലായവ)

3. ജലസേചനതോട്ടുകളുടെ നിർമ്മാണം.

4. പട്ടികജാതി/പട്ടികവർഗ്ഗവിഭാഗങ്ങളുടെ ഭൂമിയിൽ ജലസേചനസൌകര്യം ഏർപ്പെടുത്തൽ

5. പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനർനിർമ്മാണം.

6. ഭൂവികസനപ്രവൃത്തികൾ

7. വെള്ളപ്പൊക്കനിവാരണപ്രവൃത്തികൾ (അഴുക്കുചാലുകൾ ഉൾപ്പെടെ)

8. റോഡുകളുടെ നിർമ്മാണം

9. കേന്ദ്ര സർക്കാർ നിർദ്ദേശിക്കുന്ന മറ്റ് പ്രവൃത്തികൾ

*ധനകാര്യം*

1. പദ്ധതിതുകയുടെ 90% കേന്ദ്ര ഗവൺമെന്റും 10% സംസ്ഥാന സർക്കാരും വഹിക്കുന്നു.

2. മൊത്തം തുകയുടെ 60% അവിദഗ്ദ തൊഴിലാളികളുടെ വേതനത്തിനും, 40% നിർമ്മാണസാമഗ്രികൾ വാങ്ങിക്കുന്നതിനും ഉപയോഗിക്കുന്നു.

## കമ്പ്യൂട്ടർവൽക്കരണം

തദ്ദേശഭരണ സ്ഥാപനങ്ങളുടെ കമ്പ്യൂട്ടർവൽക്കരണ പ്രവർത്തനങ്ങൾ നടപ്പിൽ വരുത്തുന്നത് ഇൻഫർമേഷൻ കേരള മിഷനാണ്. ഇൻഫർമേഷൻ കേരള മിഷന്റെ സാങ്കേതിക സഹായത്തോടെ തദ്ദേശഭരണ സ്ഥാപനങ്ങളിലെ കമ്പ്യൂട്ടർ വൽക്കരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ജില്ലാ കോ-ഓർഡിനേറ്റർമാരും ജില്ലാതല സാങ്കേതിക സഹായം ഏകോപിപ്പിക്കുന്നതിനായി ജില്ലാ ടെക്നിക്കൽ ഓഫീസർമാരും പ്രവർത്തിക്കുന്നു. ഓരോ ബ്ളോക്കിലും വരുന്ന ഗ്രാമപഞ്ചായത്തുകളിലും ബ്ളോക്ക് പഞ്ചായത്തിലും സാങ്കേതിക സഹായം

ലഭ്യമാക്കുന്നതിനായി ബ്ളോക്ക് കേന്ദ്രീകരിച്ച് ടെക്നിക്കൽ ഓഫീസർമാരും പ്രവർത്തിക്കുന്നുണ്ട്. വിപുലമായ സാങ്കേതിക സഹായത്തിനുള്ള സംവിധാനം നിലവിലുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ദൈനംദിന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഇ-ഗവേണൻസ് നടപ്പാക്കുന്നതിനായി വികസിപ്പിച്ച ആപ്ളിക്കേഷൻ സോഫ്റ്റ്വെയറുകൾ ഇതിനകം ഇൻഫർമേഷൻ കേരള മിഷൻ ഗ്രാമപഞ്ചായത്തുകളിലും വിന്യസിച്ചു വരികയാണ്.